# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിലെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് - ഖണ്ഡിക 3(7)-ന്മേലുള്ള ഓഡിറ്റ് തടസ്സവാദം - സാധൂകരണം നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 1523/14/തസ്വഭവ. തിരുവനന്തപുരം,തീയതി: 16/06/2014

പരാമർശം:-
1) കാളികാവ് ഗ്രാമപഞ്ചായത്തിന്റെ മുൻസെക്രട്ടറി ശ്രീ. വി. ഉണ്ണി മൊയ്തീന്റെ 05/11/2012-ലെ നിവേദനം.
2) പഞ്ചായത്ത് ഡയറക്ടറുടെ 27/04/2013-ലെ എം3-570/13 നമ്പർ കത്ത്.
3) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18/03/2014-ലെ എൽ.എഫ്. 8581/സ്പെഷ്യൽ സെൽ/സി.എസ്.ഡി/ഡി1/12 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിലെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3(7) പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിൽ നിന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ. സൂരജ് ജോസഫ് പൗലോസ് എന്നയാളെ നിയമിച്ച ഇനത്തിൽ ചെലവായ 5610/- രൂപ ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതാണ് എന്ന് പരാമർശിച്ചിരുന്നു. കാളികാവ് ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയും ഓഡിറ്റിന്റെ മേൽപരാമർശ പ്രകാരം ഉത്തരവാദിയുമായ ശ്രീ. വി. ഉണ്ണിമൊയ്തീൻ മേൽ നടപടിയിന്മേൽ സാധൂകരണം ആവശ്യപ്പെട്ടുകൊണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ നിവേദനം നൽകിയിട്ടുണ്ട്. കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ 29 പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്നുവെന്നും രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക നിലവിലുള്ള പഞ്ചായത്തിൽ ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുകയായിരുന്നുവെന്നും പഞ്ചായത്തിന്റെ കുടുംബശ്രീ ചാർജ്ജ് ഓഫീസർ സ്ഥാനം കൂടി വഹിച്ചു വന്നിരുന്ന ഏക വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ഈ ജോലികൾ നിർവഹിക്കുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പുതിയ ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ നിയമിക്കുന്നത് വരെയോ 31/03/2008 വരേയോ ഒരു ക്ലാർക്കിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയായിരുന്നുവെന്ന് നിവേദനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

31/01/2008-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതെന്നും അദ്ദേഹത്തിന്റെ സേവനം പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ ഈ ഇനത്തിൽ 5610/- രൂപ ചെലവഴിച്ച നടപടി സർക്കാർ സാധൂകരിക്കണമെന്നും പഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുണ്ട്. 29 പദ്ധതികളുടേയും

നിർവഹണം കാര്യക്ഷമമായി പൂർത്തീകരിച്ചതിനാലും ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. പി. ഉണ്ണിമൊയ്തീൻ സർവീസിൽ നിന്നും വിരമിച്ചതിനാലും സർക്കാർ സാധൂകരണം നൽകാവുന്നതാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3-7 പ്രകാരമുള്ള ചെലവിന് സർക്കാർ സാധൂകരണം നൽകാവുന്നതാണെന്നും സർക്കാർ സാധൂകരണം ലഭ്യമാകുന്ന മുറക്ക് നഷ്ടോത്തരവാദിയായ ശ്രീ. ഉണ്ണിമൊയ്തീനെ സർചാർജ്ജ് നടപടിയിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

സൂചന പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3(7) പ്രകാരം തടസ്സപ്പെടുത്തിയിരുന്ന കാളികാവ് ഗ്രാമപഞ്ചായത്തിൽ നിന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ. സൂരജ് ജോസഫ് പൗലോസ് എന്നയാളെ നിയമിച്ച വകയിൽ 2008 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 5610/-രൂപ (അയ്യായിരത്തി അറുനൂറ്റി പത്ത് രൂപ മാത്രം) ചെലവഴിച്ച പഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. ഉണ്ണിമൊയ്തീൻ, മേലേ പരിക്കാട് വീട്, നെടിയിരിപ്പ്, മലപ്പുറം, 673 638
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കാളികാവ് ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ